കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
| --- | --- |
| DECEMBER **10** | **2022** |



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

## അയ്യപ്പ ഭക്തർക്ക് സുഖ ദർശനമൊരുക്കും: ദേവസ്വം ബോർഡ് പ്രസിഡന്റ്

ശബരിമലയിൽ ഇനിയും തിരക്ക് വർധിക്കാനാണ് സാധ്യതയെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ പറഞ്ഞു. വരാനിരിക്കുന്നത് അവധി ദിവസങ്ങളായതിനാൽ കൂടുതൽ പേർ ദർശനത്തിന് എത്തുമെന്നാണ് വിലയിരുത്തൽ. തിരക്ക് നിയന്ത്രണ വിധേയമാക്കി ഏവർക്കും സുഗമമായ ദർശനം ഒരുക്കുകയാണ് ലക്ഷ്യം. സാന്നിധാനത്തെ ദേവസ്വം കോൺഫറൻസ് ഹാളിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മരക്കൂട്ടം മുതൽ ഘട്ടം ഘട്ടമായാണ് ഭക്തരെ സന്നിധാനത്തേക്ക് കടത്തിവിടുന്നത്. അധികനേരം ക്യൂ നീളുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് ബുദ്ധിമുട്ടു ാകാതെ വേഗത്തിൽ ദർശനം നടത്താനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കും. ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

സർക്കാരിന്റെ എല്ലാ വകുപ്പുകളും ഏകോപനസ്വഭാവത്തോടെ മികച്ച രീതിയിലുള്ള സേവനമാണ് ശബരിമലയിൽ നടത്തുന്നത്. യാതൊരുവിധ പരാതിക്കും ഇടനൽകാത്ത വിധത്തിലാണ് പോലീസിന്റെ പ്രവർത്തനം. കെ.എസ്.ആർ.ടി.സിയും കാര്യക്ഷമമായ പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. വരുന്ന പതിനഞ്ച് ദിവസത്തേയ്ക്കുള്ള അപ്പം അരവണ സ്റ്റോക്ക് നിലവിലുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ, ദേവസ്വം ബോർഡ് മെമ്പർ അഡ്വ. എസ്.എസ് ജീവൻ, ഇലക്ട്രിക്കൽ എക്സിക്യുട്ടീവ് എഞ്ചിനീയർ രാജേഷ് മോഹൻ തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

### *ഇതുവരെ വരുമാനം 125 കോടി*

ശബരിമലയിൽ ഈ സീസണിൽ ഇതുവരെ ലഭിച്ചത് 125 കോടി രൂപയുടെ വരുമാനം. കാണിക്കയും മറ്റ് വഴിപാടുകളും ചേർന്നുള്ള കണക്കാണിത്. ഈ വർഷത്തെ മണ്ഡലകാലം ആരംഭിച്ചിട്ട് 24 ദിവസം പിന്നിടുകയാണിപ്പോൾ. ഡിസംബർ 9 ന് (ഇന്നലെ) 1,10,133 പേരാണ് സന്നിധാനത്ത് ദർശനത്തിനെത്തിയത്. വരും ദിവസങ്ങളിലും ഒരു ലക്ഷത്തിനടുത്താണ് ദർശനത്തിനുള്ള ഓൺലൈൻ ബുക്കിംഗ്.

### *അടുത്തവർഷം മുതൽ അരവണ സ്വന്തം ക്യാനിൽ*

അടുത്ത വർഷം മുതൽ അരവണ പ്രസാദം സ്വന്തമായി നിർമ്മിക്കുന്ന ക്യാനിൽ വിതരണം ചെയ്യും. ക്യാൻ നിർമ്മിക്കുന്നതിനുള്ള പ്ലാന്റ് സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പരിസ്ഥിതി സൗഹൃദമായ ക്യാനുകളായിരിക്കും പ്ലാന്റിൽ ഉൽപ്പാദിക്കുകയെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് അറിയിച്ചു.

(പി.ആർ.ശബരി- 146)

## കുള്ളാർ ഡാം തുറക്കും

പമ്പാ നദിയുടെ ശുചീകരണത്തിനായും കോളിഫോം ബാക്റ്റീരിയയുടെ അളവ് നിയന്ത്രിക്കുന്നതിനും കുള്ളാർ ഡാമിൽ നിന്നും പ്രതിദിനം 15,000 ഘന മീറ്റർ ജലം തുറന്നു വിടുന്നതിന് കക്കാട് സീതത്തോട് കെഎസ്ഇബി ഡാം സേഫ്ടി ഡിവിഷൻ എക്സിക്യുട്ടീവ് എൻജിനിയർക്ക് അനുമതി നൽകി ജില്ലാ കളക്ടറും ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണുമായ ഡോ. ദിവ്യ എസ് അയ്യർ ഉത്തരവായി. ഡിസംബർ ഒൻപതു മുതൽ ഡിസംബർ 27 വരെയാണ് അനുമതി. ഡാം തുറക്കുന്നത് മൂലം പമ്പ നദിയിൽ നേരിയ അളവിൽ മാത്രമേ ജല നിരപ്പ് ഉയരുകയുള്ളൂ.

(പി.ആർ.ശബരി- 147)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ

(11.12.2022)

.........

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും  നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം
7.30 ന്  ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന്  ......ഉച്ചപൂജ
1മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മണിമുതൽ പുഷ്പാഭിഷേകം
9.30 മണിക്ക്  ...അത്താഴപൂജ
10.50ന്   ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.